

ഇദ്‌രീസ്(അ) എന്തെല്ലാം പരീക്ഷണങ്ങൾ തരണം ചെയ്തുകൊണ്ടാണ് ക്ഷമയുടെ മഹിത മാതൃകയായിത്തീർന്നതെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. ഒരു പക്ഷേ ഖുർആൻ അവതരിക്കുന്ന കാലത്ത് അദ്ദേഹത്തിന്റെ കഥ ജനങ്ങൾക്ക് സുപരിചിതമായിരുന്നിരിക്കാം.

## ഖുർആൻ ബോധനം

എ.വൈ.ആർ

സൂറ - 21

# അൽഅമ്പിയാഅ്

وَإِسۡمَٰعِيلَ وَإِدۡرِيسَ وَذَا ٱلۡكِفۡلِۖ كُلّٞ مِّنَ ٱلصَّٰبِرِينَ ﴿٨٥﴾

**85.** ഇസ്മാഈലിനെയും ഇദ്‌രീസിനെയും ദുൽകിഫ്‌ലിനെയും ഇതേപ്രകാരം അനുഗ്രഹിച്ചിരുന്നു. ഇവരൊക്കെയും ഏറെ ക്ഷമിച്ചവരാകുന്നു.

وَأَدۡخَلۡنَٰهُمۡ فِي رَحۡمَتِنَآۖ إِنَّهُم مِّنَ ٱلصَّٰلِحِينَ ﴿٨٦﴾

**86.** അവരെ നമ്മുടെ കാരുണ്യത്തണലിൽ പ്രവേശിപ്പിച്ചു. അവർ തീർച്ചയായും സച്ചരിതരാകുന്നു.

**85,86**

وَإِسۡمَٰعِيلَ وَإِدۡرِيسَ وَذَا ٱلۡكِفۡلِۖ = ഇസ്മാഈലിനെയും ഇദ്‌രീസിനെയും ദുൽകിഫ്‌ലിനെയും

(ഇതേപ്രകാരം അനുഗ്രഹിച്ചിരുന്നു)

كُلّٞ مِّنَ ٱلصَّٰبِرِينَ = (ഇവർ) ഒക്കെയും (ഏറെ) ക്ഷമിച്ചവരാകുന്നു وَأَدۡخَلۡنَٰهُمۡ = നാം അവരെ പ്രവേശിപ്പിച്ചു

فِي رَحۡمَتِنَآۖ = നമ്മുടെ കാരുണ്യത്തി(ണ്യത്തണലി)ൽ إِنَّهُم = തീർച്ചയായും അവർ

مِّنَ ٱلصَّٰلِحِينَ = സച്ചരിതരിൽപ്പെട്ടവരാകുന്നു

ഇസ്മാഈൽ-ഇദ്‌രീസ് പ്രവാചകന്മാരെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ *ഖുർആൻ ബോധനം* സൂറഃ *മർയം* 54-57 സൂക്തങ്ങൾക്കു താഴെ സംഗ്രഹിച്ചിരിക്കുന്നു. ഈ മൂന്നുപേരും പ്രശംസനീയമായ ക്ഷമാശീലമുള്ളവരായിരുന്നുവെന്നും അല്ലാഹു പ്രവാചകത്വം കൊണ്ടനുഗ്രഹിച്ച സജ്ജനങ്ങളായിരുന്നുവെന്നുമാണ് ഇവിടെ പ്രസ്താവിച്ചിരിക്കുന്നത്. ഇസ്മാഈൽ നബിയുടെ ക്ഷമയും സഹനവും സുവിദിതമാണ്. ചെറുപ്രായത്തിൽ അദ്ദേഹത്തിനും മാതാവിനും,

സ്വപിതാവിൽനിന്നും ബന്ധുജനങ്ങളിൽ നിന്നും അകന്ന് മക്കാ ദേശത്ത് ഒറ്റപ്പെട്ടു ജീവിക്കേണ്ടിവന്നു. മക്ക അന്ന് നിർജനവും നിർജലവും ഫലമൂലാദികൾ ലഭ്യമല്ലാത്തതും കൃഷിരഹിതവുമായ പ്രദേശമായിരുന്നു. ഇല്ലായ്മകളെയെല്ലാം ക്ഷമാപൂർവം നേരിട്ടുകൊണ്ട് ഇസ്മാഈൽ മക്കയിൽ പിടിച്ചുനിന്നു. പിതാവിനോടൊപ്പം കഅ്ബാ മന്ദിരം നിർമിച്ചു. അവിടെ ഏകദൈവാരാധന നിലനിർത്തുകയും ചുറ്റുപാടുമുള്ള ആളുകളെ കഅ്ബ തീർഥാടനത്തിന് ക്ഷണിക്കുകയും അവർക്ക് വേണ്ടി സൗകര്യങ്ങളൊരുക്കുകയും ചെയ്തു. ഇതെല്ലാം അല്ലാഹുവിന്റെ കൽപനയനുസരിച്ചുള്ള നടപടികളായിരുന്നു. ഏറെ ക്ലേശകരമായ ഈ പ്രവർത്തനത്തിന് അല്ലാഹുവിന്റെ പ്രീതിയല്ലാതെ മറ്റൊരു ഭൗതിക നേട്ടവും അദ്ദേഹം കാംക്ഷിച്ചിരുന്നില്ല. ഇതിനിടയിലാണ് തന്റെ ജീവൻ തന്നെ ബലിയർപ്പിക്കാൻ അല്ലാഹു ആവശ്യപ്പെട്ടതായി പിതാവ് ഇബ്റാഹീം(അ) അദ്ദേഹത്തെ അറിയിക്കുന്നത്. ഇസ്മാഈൽ ഒട്ടും പതറിയില്ല. അല്ലാഹുവിന്റെ കൽപന നിസ്സങ്കോചം നടപ്പിലാക്കിക്കൊള്ളാനും ദൈവഹിതത്താൽ താൻ ക്ഷമയോടെ അതനുഭവിക്കാൻ തയാറാണെന്നും അദ്ദേഹം പിതാവിനെ അറിയിച്ചു. അങ്ങനെ പിതാവിന്റെ കഠാര പുത്രന്റെ കണ്ഠത്തോടടുത്തു. അപ്പോൾ ഇരുവരും ദൈവകൽപന സാക്ഷാത്ക്കരിച്ചതായി പ്രഖ്യാപിച്ചുകൊണ്ട് അല്ലാഹു ആ ബലികർമം തടയുകയായിരുന്നു.

ഇദ്‌രീസ്(അ) എന്തെല്ലാം പരീക്ഷണങ്ങൾ തരണം ചെയ്തുകൊണ്ടാണ് ക്ഷമയുടെ മഹിത മാതൃകയായിത്തീർന്നതെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. ഒരു പക്ഷേ ഖുർആൻ അവതരിക്കുന്ന കാലത്ത് അദ്ദേഹത്തിന്റെ കഥ ജനങ്ങൾക്ക് സുപരിചിതമായിരുന്നിരിക്കാം.

ദുൽകിഫ്ൽ എന്ന പ്രവാചകനും ചരിത്രപരമായി തിരിച്ചറിയപ്പെട്ടിട്ടില്ല. ഇദ്ദേഹത്തിന്റെ ചരിത്രവും ഖുർആൻ അവതരിക്കുന്ന കാലത്ത് അറബികൾക്കോ വേദക്കാർക്കോ സുപരിചിതമായിരുന്നിരിക്കാം. പിൽക്കാലത്ത് അതു വിസ്മൃതമായതാവാം. ബൈബിൾ ഈ പേരിൽ ഒരു പ്രവാചകനെ പരാമർശിക്കുന്നില്ല. ഒരു പക്ഷേ തൗറാത്തിന് പിൽക്കാലത്തുണ്ടായ നഷ്ടങ്ങൾക്കും തിരുത്തുകൾക്കുമിടയിൽ ദുൽകിഫ്ൽ നബിയുടെ കഥ മാഞ്ഞുപോയതാവാം. ذوالكفل പ്രവാചകന്റെ യഥാർഥ നാമമല്ല; സ്ഥാനപ്പേരാണെന്നാണ് പണ്ഡിതന്മാരുടെ പൊതുവീക്ഷണം. ഉത്തരവാദിത്തം, ഗ്യാരണ്ടി, സ്പോൺസർഷിപ്പ് തുടങ്ങിയ അർഥങ്ങളിലുള്ള كفالة ൽ നിന്നുള്ളതാണ് كفل. വിഹിതം, ചുമതല, ക്ഷീണം എന്നീ അർഥങ്ങളിൽ ഇതുപയോഗിക്കുന്നു. ജാമ്യക്കാരനും ചുമതലക്കാരനും كفيل എന്നുപറയും. ذوالكفل എന്നാൽ (ഭാഗ്യ) വിഹിതം ഉള്ളവൻ അല്ലെങ്കിൽ ചുമതലക്കാരൻ അതുമല്ലെങ്കിൽ ക്ഷയമുടയവൻ. വിവിധ പണ്ഡിതന്മാർ മൂന്നർഥങ്ങളിലും ഈ പദം സ്വീകരിച്ചിട്ടുണ്ട്. ഒന്നാമത്തെ അർഥം അംഗീകരിച്ചവരുടെ വിശദീകരണം ഇതാണ്: അയ്യൂബ് നബിക്ക് ധാരാളം മക്കളുണ്ടായി. അവരിൽ പ്രവാചകത്വത്തിനു ഭാഗ്യം സിദ്ധിച്ചയാളാണ് ذوالكفل. ചുമതലക്കാരൻ എന്ന അർഥം സ്വീകരിച്ച മുജാഹിദ് പറഞ്ഞു: അദ്ദേഹം പ്രവാചകനായിരുന്നില്ല. ഒരു സദ്‌വൃത്തനായിരുന്നു. സ്വജനത്തിൽ ഒരു പ്രവാചകന്റെ ചുമതല നിർവഹിച്ചിരുന്നു, അല്ലെങ്കിൽ അവരെ നേർവഴിക്ക് നയിക്കാനും ന്യായം വിധിക്കാനും മതിയായവനായിരുന്നു. അതിനാൽ ദുൽകിഫ്ൽ എന്ന അപരനാമം ലഭിച്ചു. ക്ഷയം, ക്ഷീണം എന്ന് അർഥം കൽപിച്ചവർ വിശദീകരിക്കുന്നതിങ്ങനെ: സമകാലീനരായ പ്രവാചകന്മാരുടെ പ്രവർത്തനം ക്ഷയിച്ച സാഹചര്യത്തിൽ അദ്ദേഹത്തിന്റെ പരിശ്രമങ്ങളുടെ സ്പോൺസർഷിപ്പ് അല്ലാഹു സവിശേഷം ഏറ്റെടുത്തു. ദുൽകിഫ്ൽ പ്രവാചകനായിരുന്നില്ല; സദ്‌വൃത്തനും നീതിമാനുമായ രാജാവു മാത്രമായിരുന്നുവെന്ന് പല പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. പ്രവാചകന്മാരുടെ കൂട്ടത്തിൽ പരാമർശിച്ചതിൽനിന്നും 'അവരെ നാം നമ്മുടെ അനുഗ്രഹത്തിൽ പ്രവേശിപ്പിച്ചു'- وَأَدْخَلْنَٰهُمْ فِى رَحْمَتِنَآ എന്ന് പ്രസ്താവിച്ചതിൽനിന്നും അദ്ദേഹം പ്രവാചകൻ തന്നെ എന്നു തെളിയുന്നുവെന്നാണ് ഇമാം ഇബ്നു കഥീറിന്റെ വീക്ഷണം. പ്രവാചകത്വമുൾപ്പെടെയുള്ള അനുഗ്രഹങ്ങൾ നൽകിയതിനെക്കുറിച്ചാണ് ഖുർആൻ പലയിടത്തും وَأَدْخَلْنَٰهُمْ فِى رَحْمَتِنَآ എന്നുപറഞ്ഞിട്ടുള്ളത്. അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി അതിരറ്റ ക്ഷമയും സഹനവും കൈക്കൊണ്ടവരാണ് ഇപ്പറഞ്ഞവരെല്ലാം. അല്ലാഹുവിന്റെ പ്രീതിയും അനുഗ്രഹവും നേടാൻ മനുഷ്യർ ഏറെ ക്ഷമിക്കുകയും സഹിക്കുകയും ചെയ്യേണ്ടതുണ്ട് എന്നതാണ് ഇതുൾക്കൊള്ളുന്ന ഉപദേശം. ■

Matrimonial

മുസ്‌ലിം യുവതി (35/158 cm). വിവാഹമോചിത. കുട്ടികളില്ല. പ്രീപ്രൈമറി ടീച്ചർ. സൗന്ദര്യം. ദീനീനിഷ്ഠയുള്ള, ബാധ്യതകളില്ലാത്ത പുനർവിവാഹക്കാരെയും പരിഗണിക്കും.

9497151761